**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോട്ടയം ജില്ല -ഈരാറ്റുപേട്ട നഗരസഭ- ഈരാറ്റുപേട്ട വില്ലേജ് , പെട്രോൾ പമ്പ് നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഈരാറ്റുപേട്ട നഗരസഭ സെക്രട്ടറിയുടെ 15/06/2021 ലെ ഇ 1/2090/21 നമ്പർ കത്ത്

2. കോട്ടയം ടൗൺ പ്ലാനറുടെ 23/07/2021 ലെ TCPKTM/294/2021/C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/1521/2021/C3 തീയതി:**08/09/2021**

---

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭ പരിധിയിലുള്ള ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക് 48, റീ.സർവ്വേ നം 94/3/1, 95/1/7, 95/1/7/1, 95/9/1 എന്നിവയിൽ ഉൾപ്പെട്ട ആകെ 2295 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തിൽ നിന്നും 1194.05 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത 60.52 sqm built up area, 160 sqm canopy ഉള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. കിഷോർ മാത്യു, പ്ലാന്തോട്ടം ഹൗസ്, ഈരാറ്റുപേട്ട -യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി Published Master Plan for Erattupetta Town- 2037 പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. കെ.എം.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച്

47824

സെക്രട്ടറി ഉറപ്പുവരുത്തണം.

6. ചട്ടം 5(4) Sl.No.12 പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.
7. ചട്ടം 79(7) പ്രകാരം ദ്രവമാലിന്യ സംസ്കരണ സംവിധാനവും മലിനജല സംസ്കരണത്തിനും പുനരുപയോഗത്തിനുമുള്ള സംവിധാനവും നൽകേണ്ടതാണ്.
8. ചട്ടം 42 പ്രകാരം Differently-abled persons നുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
9. കെ.എം.ബി.ആർ-2019-നും , അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട് നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയം ഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RAJEEVAN PITTAN
Date: 2021.09.[illegible] IST
Reason: Approved

**രാജീവൻ പിട്ടൻ**
**ടൗൺ പ്ലാനർ**
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ടൗൺപ്ലാനർ, കോട്ടയം

പകർപ്പ്:-

1. ശ്രീ.കിഷോർ മാത്യു, പ്ലാന്തോട്ടം ഹൗസ്, ഈരാറ്റുപേട്ട.പി.ഒ, കോട്ടയം
2. സെക്രട്ടറി, ഈരാറ്റുപേട്ട നഗരസഭാ , കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

S/26082021

പിൻ-695 103
തിരുവനന്തപുരം